(ബി) ആധുനിക കൃഷിരീതി കർഷകരെ പഠിപ്പിക്കുവാൻ കൃഷി ഭവനുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(സി) ഗ്രാമീണ കർഷകരിൽ പുതിയ കാർഷികരീതികൾ എത്തിക്കുവാൻ കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1. കാർഷികവിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി കൃഷിക്കാർക്ക് ആവശ്യമായ സാങ്കേതിക വിജ്ഞാനം നൽകുന്നു.

2. കൃഷി വകുപ്പും ത്രിതല പഞ്ചായത്തും നടപ്പാക്കുന്ന വിവിധ പദ്ധതികൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു. കൂടാതെ പഞ്ചായത്തു തലത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതി രൂപീകരണവും നടത്തുന്നു.

3. ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ യഥാസമയം കർഷകരിൽ എത്തിക്കുന്നു.

4. പ്രകൃതിക്ഷോഭംമൂലം കാർഷിക നഷ്ടം സംഭവിക്കുമ്പോൾ അത് തിട്ടപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്യുകയും വിള ഇൻഷ്വറൻസ്, കർഷകരക്ഷാ ഇൻഷ്വറൻസ് എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു.

5. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) 1. കൃഷിഭവൻ തലത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും വിവധ വിളകളുടെ പരിശീലനത്തെക്കുറിച്ചുള്ള ലഘുലേഖകൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുകയും ചെയ്യുന്നു.

2. കഴിഞ്ഞ സാമ്പത്തികവർഷം (99-2000) കർഷകർക്ക് നവീനരീതിയിലുള്ള സാങ്കേതികവിദ്യ പകർന്നുനൽകുന്നതിന്റെഭാഗമായി 152 കൃഷി ഭവനുകളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു.

(സി) കൃഷി ഭവനുകൾ കേന്ദ്രീകരിച്ച് ചർച്ചായോഗങ്ങൾ നിലവിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ആയത് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും കർഷക സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ്. ഇതിനായി ഉയർന്ന ഉദ്യോഗസ്ഥൻമാർക്കുള്ള പഠനശാല നടത്തിക്കഴിഞ്ഞു.

റബ്ബറിന്റെയും തേങ്ങയുടെയും വിലയിടിവ് തടയുന്നതിന് നടപടി

(381) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) റബ്ബറിന്റെയും തേങ്ങയുടെയും വിലയിടിവ് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) റബ്ബറിന്റെയും കൊപ്രയുടെയും താങ്ങുവില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) റബ്ബറിന്റെ വാങ്ങൽ നികുതി ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം അടിയന്തിരമായി പുറപ്പെടുവിച്ച് എസ്.ടി.സി.യെക്കൊണ്ട് റബ്ബർ സംഭ

LIBRARY ARCHIVES Kerala Legislative Assembly

രണം നടത്തി ഈ മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മണ്ഡരിരോഗം ബാധിച്ച തേങ്ങയിൽനിന്നും ലഭിക്കുന്ന കൊപ്ര ഗുണനിലവാരം കുറഞ്ഞതാണ് എന്ന കാരണത്താൽ വിപണിയിൽ കൊപ്ര വാങ്ങാൻ ആളുകൾ തയ്യാറാകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്നറിയുമോ?

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവ് തടയുവാൻ എസ്.ടി.സി.മുഖേന റബ്ബർ സംഭരിക്കും, കൂടാതെ സംസ്ഥാന സർക്കാരിന്റെ പദ്ധതിയനുസരിച്ച്, റബ്ബർമാർക്ക്, റബ്കോ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന, ഒരു കിലോ റബ്ബറിന് 50 പൈസ മാർക്കറ്റ് വിലയേക്കാൾ അധികം നൽകുകയും, 50 പൈസ കൈകാര്യ ചെലവിനത്തിൽ നൽകിയും റബ്ബർ സംഭരിക്കുകയും അത് വിദേശത്ത് കയറ്റി അയയ്ക്കുകയും ചെയ്യുന്നു. കയറ്റി അയയ്ക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കുന്നതാണ്.

നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയ്ക്ക് നാഫെഡിനുവേണ്ടി കേരഫെഡും മാർക്കറ്റ്ഫെഡും കൊപ്ര സംഭരണം നടത്തുന്നു.

(ബി) താങ്ങുവില പ്രഖ്യാപിക്കേണ്ടത് കേന്ദ്രസർക്കാരാണ്. റബ്ബറിന്റെയും കൊപ്രയുടേയും താങ്ങുവില വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോടും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായി നേരിട്ടും ചർച്ച നടത്തുകയും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) എസ്.ടി.സി.യെ റബ്ബറിന്റെ വാങ്ങൽ നികുതിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മണ്ഡരി രോഗംമൂലം തൂക്കത്തിലല്ലാതെ എണ്ണയുടേയോ, പിണ്ണാക്കിന്റെയോ ഗുണനിലവാരത്തിൽ മാറ്റമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നാഫെഡുവഴി നാളികേര സംഭരണം

(383) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു :
ഡോ. എം.എ കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) നാളികേരം സംഭരിക്കുവാൻ നാഫെഡിന് നിർദ്ദേശം നൽകണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഫലം എന്തായി എന്ന് വ്യക്തമാക്കുമോ;

(സി) ഇതുകൊണ്ട് സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly